II.ഇ.ബി. XIII-കേരള നിയമസഭ/I-10

**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2011 ജൂലൈ 18, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**30 (*271)** റിസർവ്വ് ബാങ്ക് ലൈസൻസ് ഇല്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, നാല് ശതമാനമോ അതിൽ കൂടുതലോ മൂലധന പര്യാപ്തത നേടുന്ന ജില്ലാ സഹകരണ ബാങ്കുകൾക്ക് മാത്രമേ ഭാരതീയ റിസർവ്വ് ബാങ്ക് ലൈസൻസ് നൽകുകയുള്ളുവെന്ന് സഭയെ അറിയിച്ചു. നബാർഡിന്റെ 31-03-2009-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത (Capital to Risk weight Asset Ratio) യഥാക്രമം 1 ശതമാനവും 3.2 ശതമാനവുമായതിനാലാണ് ഈ ബാങ്കുകൾക്ക് റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ലഭിക്കാത്തത്. 12-07-2011-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നബാർഡിന്റെയും റിസർവ്വ് ബാങ്കിന്റെയും പ്രതിനിധികൾ, സഹകരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, ബാങ്ക് പ്രതിനിധികൾ എന്നിവർ പങ്കെടുത്ത യോഗത്തിൽ ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൈവരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരി

ക്കുന്നതിന് തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ബാങ്കുകൾ ഈ കാര്യത്തിൽ കൈക്കൊണ്ട നടപടികൾ അവലോകനം ചെയ്യുകയും ചെയ്തു. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ബാങ്കിന് ലൈസൻസ് കിട്ടാനുള്ള അർഹത ലഭിച്ചിട്ടുണ്ട്. മൂലധന പര്യാപ്തത കൈവരിക്കുന്നതിന് കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന് ധനസഹായം കൊടുക്കുന്ന കാര്യം ചർച്ച ചെയ്ത് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ കൊടുക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സഹകരണ ബാങ്കുകളുടെ പലിശ നിരക്ക് വർദ്ധിപ്പിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടെന്നും സംസ്ഥാന സഹകരണ ബാങ്കുകൾ പരമ്പരാഗത വ്യവസായ മേഖലയിൽ കൊടുത്തിട്ടുള്ള വായ്പ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**31(*272)** <u>ഫലശ്രീ പദ്ധതി</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) നൽകിയ മറുപടിയിൽ, ഫലവർഗ്ഗങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം വൃക്ഷ സമ്പത്ത് വിപുലപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ആവിഷ്കരിച്ച ഫലശ്രീ പദ്ധതിയിലൂടെ 99530 മാവിൻ തൈകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നതിൽ 31250 തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ളവ ജൂലൈ 31-നകം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഈ പദ്ധതി പ്രകാരം ഒരു മാവിൻതൈയും

അഞ്ച് കിലോഗ്രാം ജൈവ വളവുമാണ് വിതരണം ചെയ്യുന്നത്. കേരളത്തിൽ മാവ് കൃഷിക്ക് അനുയോജ്യമായ തരിശ് ഭൂമി ലഭിക്കാത്ത സാഹചര്യത്തിൽ വീട്ടുവളപ്പുകളിൽ അടക്കം മാവിൻ തൈ നട്ട് മാവ് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പി ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 34 പഞ്ചായത്തുകളിൽ നടപ്പാക്കുന്ന ഈ പദ്ധതി മറ്റ് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാലാവസ്ഥയ്ക്ക് അനു യോജ്യമായ നാടൻ മാവിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാ ശാലയുടെയും ഫാമുകളിൽ ഫലശ്രീ പദ്ധതി നടപ്പാക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെ സേവനം ഈ രംഗത്ത് ഉപയോഗപ്പെ ടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഫലവർഗ്ഗങ്ങൾ സംഭരിച്ച് സംസ്കരിച്ച് സൂക്ഷിക്കുന്നതിനായി മൊബൈൽ സ്റ്റോറേജ് കൊണ്ടുവരുന്ന തിനും ആധുനിക സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്കൂൾ കുട്ടികളെക്കൂടി ഉൾപ്പെടുത്തി ഫലശ്രീ പദ്ധതി വ്യാപിപ്പിക്കുന്നതാണെന്നും വനവൽക്കരണത്തിന്റെ ഭാഗമായി ഈ വർഷം മുതൽ ഫലവൃക്ഷങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഒരു ചോദ്യത്തിൽ ഇടപെട്ടുകൊണ്ട് വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി വ്യക്തമാക്കി. റോഡിന്റെ ഇരു വശങ്ങളിലും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**32(*273)** <u>ഡോ. എ. വൈദ്യനാഥൻ കമ്മിറ്റി നിർദ്ദേശങ്ങൾ</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തിക പാക്കേജിൽ താഴെപ്പറയുന്ന പരിഷ്കരണ ങ്ങളും വ്യവസ്ഥകളുമാണ് കമ്മിറ്റി മുന്നോട്ടുവച്ചിട്ടുള്ളതെന്ന് സഭയെ അറിയി ച്ചു.

1. നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സാമ്പത്തിക സേവനങ്ങളും ഉപയോഗിക്കുന്നവർക്ക് പൂർണ്ണ അംഗത്വവും വോട്ടവകാശവും നൽകുക;

2. സഹകരണ സ്ഥാപനങ്ങളുടെ ഭരണക്രമത്തിലും സാമ്പത്തിക കാര്യങ്ങളിലുമുള്ള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണവും ഇടപെടലും നീക്കം ചെയ്യുക;

3. സഹകരണ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി മൂലധനം 25% ആയി നിജപ്പെടുത്തുക;

4. സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണ ഉത്തരവുകൾ പിൻവലിക്കുക;

5. അഫിലിയേറ്റ് ചെയ്തിട്ടുള്ള അപ്പെക്സ് സ്ഥാപനങ്ങളിൽ നിന്നല്ലാതെ ഏത് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കടം എടുക്കുന്നതിനും ഏത് ധനകാര്യ സ്ഥാപനങ്ങളിലും നിക്ഷേപം നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുക;

6. സഹകരണ ജീവനക്കാരുടെ ശമ്പളം, നിയമനം, നഷ്ട പരിഹാരം നൽകുക തുടങ്ങിയ കാര്യങ്ങളിൽ സ്വയം നിർണ്ണയാവകാശം നൽകുക;

7. ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക;

8. സഹകരണ സ്ഥാപനങ്ങളുടെമേൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണ അധികാരങ്ങൾ കാര്യക്ഷമമാക്കുക;

9. എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുക.

കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തിക പാക്കേജ് അനുസരിച്ചുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിയമപരവും സ്ഥാപനാധിഷ്ഠിതമായ ചില പരിഷ്കാര ശുപാർശകളും വ്യവസ്ഥകളും സഹകരണ പ്രസ്ഥാനത്തെ സർക്കാരിന്റെ നിയന്ത്രണത്തിൽനിന്നും വേർപെടുത്തി  റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയും അതിന്റെ പ്രയോജനം സമൂഹത്തിലെ സാധാരണക്കാർക്കും ദുർബല വിഭാഗങ്ങൾക്കും നിഷേധിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പ്രസക്തിയും കണക്കിലെടുക്കുമ്പോൾ പ്രസ്തുത ശുപാർശകൾ സഹകരണ പ്രസ്ഥാനത്തിന് ദോഷകരമാകുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. റിസർവ്വ് ബാങ്ക് അംഗീകാരമില്ലാത്ത സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശം ഇല്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നും ബാങ്ക് എന്ന പദം രജിസ്റ്റർ ചെയ്ത പേരിനൊപ്പം ഉപയോഗിച്ചുകൂടായെന്നും എല്ലാത്തരം സഹകരണ ബാങ്കുകളുടെയും പ്രവർത്തനം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുക, സഹകരണ സ്ഥാപനങ്ങളുടെ ഭരണക്രമത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാന സർക്കാർ നിയന്ത്രണം എടുത്തു മാറ്റുക, സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണാധികാരങ്ങൾ കാര്യക്ഷമമാക്കുക, എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുക, ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക തുടങ്ങിയ വ്യവസ്ഥകളാണ് പാക്കേജ് നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. മാത്രമല്ല പാക്കേജ്

നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നബാർഡും ധാരണാപത്രം ഒപ്പിടണമെന്നും പ്രസ്തുത ധാരണാപത്രത്തിലെ വ്യവസ്ഥകൾപ്രകാരമുള്ള നിബന്ധനകൾ സഹകരണ വായ്പാ മേഖലകൾക്ക് ഗുണകരമാവില്ലെന്നും വിലയിരുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹകരണ നിയമത്തിലും ചട്ടത്തിലും കാലോചിതമായ മാറ്റം വരുത്തി സമഗ്രമായ നിയമഭേദഗതി നടപ്പിലാക്കുകയും ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും ഒരു ഡി.ഐ.ജി-യുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയ്ക്ക് ദോഷം വരാത്ത രീതിയിൽ ഒരു സമവായത്തിലൂടെ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നതായി ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2382 മുതൽ 2567 വരെയുള്ള ചോദ്യങ്ങളിൽ 101 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)